നം. ICDS.A1/12668/13

സാമൂഹ്യനീതി ഡയറക്ടറേറ്റ് (അനക്സ്),
പൂജപ്പുര, തിരുവനന്തപുരം.
ഇ.മെയിൽ – swdicds@gmail.com
ഫോൺ – 0471-2346508, ഫാക്സ്: 0471 -2346534
തീയതി - 13.06.2017

## പരിപത്രം

വിഷയം - സാമൂഹ്യനീതി വകുപ്പ് - ഐ.സി.ഡി.എസ് - 2013-14, 2014-15 സാമ്പത്തിക വർഷം പ്രീസ്കൂൾ കിറ്റ് വാങ്ങുന്നതിനായി അനുവദിച്ചതും, എന്നാൽ ചെലവഴിക്കാതെ വിവിധ കാര്യാലയങ്ങളിൽ സൂക്ഷിക്കുന്നതുമായ ഫണ്ട് സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കുന്നതു- സംബന്ധിച്ച്.

സൂചന - 1)സർക്കാർ കത്ത് നം. 2/ബി1/17/സാനീവ തീയതി: 23.03.2017
2)സാമൂഹ്യനീതി ഡയറക്ടറുടെ 12.04.2017 തീയതിയിലെ ICDS.A1/12668/13 നമ്പർ കത്ത്.

2013-14, 2014-15 സാമ്പത്തിക വർഷം അങ്കണവാടികൾക്ക് പ്രീസ്കൂൾ കിറ്റ് വാങ്ങുന്നതിനായി അനുവദിച്ചിട്ടുള്ളതും, എന്നാൽ നിലവിലുള്ള കേസ്സിന്റെ അന്തിമ വിധി വരാത്തതിനാൽ വാങ്ങൽ നടപടികൾ പൂർത്തീകരിക്കാനാകാതെ വിവിധ ജില്ലാ സാമൂഹ്യനീതി ഓഫീസർമാരുടെയും, ശിശു വികസന പദ്ധതി ഓഫീസർമാരുടെയും പക്കൽ സൂക്ഷിച്ചിട്ടുള്ളതുമായ ഫണ്ട് സൂചന പ്രകാരം സർക്കാർ തിരിച്ചടയ്ക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതും, ആയതിന്റെ അടിസ്ഥാനത്തിൽ ടി തുക ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ / ശിശു വികസന പദ്ധതി ഓഫീസർമാർ 2235-02-911-99 (പി) ROP ശീർഷകത്തിൽ തിരിച്ചടയ്ക്കുന്നതിന് സൂചന 2 പ്രകാരം ഈ കാര്യാലയത്തിൽ നിന്നും നിർദ്ദേശം നൽകിയിരുന്നു.

എന്നാൽ നിരവധി ഓഫീസർമാർ ടി നിർദ്ദേശം പാലിക്കാതെ തുക/ഡി.ഡി ഇപ്പോഴും കൈവശം സൂക്ഷിക്കുന്നതായി അറിയുന്നു. ആയതിനാൽ 2013-14, 2014-15 സാമ്പത്തിക വർഷം അങ്കണവാടികൾക്ക് പ്രീസ്കൂൾ കിറ്റ് വാങ്ങുന്നതിനായി അനുവദിച്ചിട്ടുള്ള തുക/ഡി.ഡി ഇപ്പോഴും കൈവശം സൂക്ഷിക്കുന്ന എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർ / ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ അടിയന്തിരമായി ആയത് 2235-02-911-99 (പി) ROP ശീർഷകത്തിൽ തിരിച്ചടയ്ക്കേണ്ടതും, തുക തിരിച്ചടച്ച ചെല്ലാന്റെ പകർപ്പ് സഹിതം വിവരം ജില്ലാ സാമൂഹ്യനീതി ഓഫീസർ മുഖേന ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ടി നിർദ്ദേശം പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ കർശ്ശന നടപടി സ്വീകരിക്കുന്നതായിരിക്കും.

(signature)

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി